ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:06.03.2025**

### പ്രധാനവാർത്തകൾ

1). **രാജ്യത്തെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് കേന്ദ്ര സർക്കാർ പ്രത്യേക പരിഗണന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.**

2). **പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിക്ക് മികച്ച പിന്തുണയാണ് കേരള സർക്കാർ നൽകുന്നതെന്ന് കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി കിരൺ റിജിജു.**

3) **പത്താം ക്ലാസ് ചോദ്യപേപ്പർ ചോർച്ചാ കേസിൽ എം എസ് സൊല്യൂഷൻസ് സ്ഥാപകൻ ഷുഹൈബിൻ്റെ മുൻകൂർ ജാമ്യാപേക്ഷ കേരള ഹൈക്കോടതി തള്ളി.**

4). **സംസ്ഥാനത്ത് ചൂട് വർദ്ധിക്കുന്നു. ജാഗ്രതാ നിർദേശം പുറത്തിറക്കി ദുരന്ത നിവാരണ അതോറിറ്റി.**

5). **ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് എഫ്.സി - പഞ്ചാബ് എഫ്.സി പോരാട്ടം.**

RNU TVPM

==========================================

## പി.എം ഉത്തരാഖണ്ഡ്

രാജ്യത്തെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് കേന്ദ്ര സർക്കാർ പ്രത്യേക പരിഗണന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉത്തരാഖണ്ഡിൽ പൊതു സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി ഇത്തവണത്തെ കേന്ദ്ര ബജറ്റിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. രാജ്യത്തെ യുവജങ്ങൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഉത്തരാഖണ്ഡിൽ ശൈത്യകാല വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. സന്ദർശനത്തിന്റെ ഭാഗമായി ഹർഷിലിൽ ട്രെക്ക്-ബൈക്ക് റാലികൾ പ്രധാനമന്ത്രി ഫ്ളാഗ്ഓഫ് ചെയ്തു. മുഖ് വായിലെ ഗംഗ ദേവി ആരാധനാലയത്തിലും അദ്ദേഹം ദർശനം നടത്തി.

RNU TVPM

===========================================

## കിരൺ റിജിജു

പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിക്ക് മികച്ച പിന്തുണയാണ് കേരള സർക്കാർ നൽകുന്നതെന്ന് കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി കിരൺ റിജിജു. പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രമിൻറെ ദക്ഷിണ മേഖലാ അവലോകന യോഗവും പരിശീലന ശിൽപ്പശാലയും തിരുവന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ കൂടുതൽ പരിഗണന നൽകുമെന്നും മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മികച്ച നിലയിലാണ് സംസ്ഥാനത്ത് പദ്ധതി നടപ്പാക്കുന്നതെന്നും

അദ്ദേഹം പറഞ്ഞു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രി വി അബ്ദു റഹിമാൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. ഒരു ദിവസത്തെ സന്ദർശനത്തിനായി രാവിലെ തിരുവനന്തപുരത്ത് എത്തിയ ശ്രീ കിരൺ റിജിജുവിനെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സ്വീകരിച്ചു.

==========================================

**എ.കെ ശശീന്ദ്രൻ - ഉന്നതതല യോഗം**

കാട്ടുപന്നി ശല്യവുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് വനംമന്ത്രി എ കെ ശശീന്ദ്രൻറെ അധ്യക്ഷതയിൽ ഉന്നത തല യോഗം ചേരുന്നു. കണ്ണൂർ മൊകേരി വള്ള്യായിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കർഷകൻ മരിച്ച പശ്ചാത്തലത്തിലാണ് യോഗം. കെ പി മോഹനൻ എം എൽ എ, വനം-വന്യജീവി വകുപ്പിലെ ഉദ്യോഗസ്ഥരും മറ്റ് ജനപ്രതിനിധികളും പങ്കെടുക്കുന്നുണ്ട്.

==========================================

**ചോദ്യപേപ്പർ - ഹൈക്കോടതി**

പത്താം ക്ലാസ് ചോദ്യപേപ്പർ യൂട്യൂബിൽ ചോർത്തിയതിന് എം എസ് സൊല്യൂഷന്റെ സ്ഥാപകനും സി.ഇ.ഒ.യുമായ ഷുഹൈബിന്റെ മുൻകൂർ ജാമ്യാപേക്ഷ കേരള ഹൈക്കോടതി തള്ളി. ജസ്റ്റിസ് പി വി കുഞ്ഞികൃഷ്ണൻ ആണ് ഉത്തരവ് പുറപ്പെടുവിച്ചത് . മുൻ ചോദ്യപേപ്പറുകളുടെ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങൾ മാത്രമാണ് പ്രവചിച്ചതെന്ന ഷുഹൈബിൻറെ വാദം കോടതി നിരസിച്ചു.

==========================================

RNUTVPM

**ഏഴരപ്പൊന്നാന കോട്ടയം - (ഇൻട്രോ)**

ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച ഏഴര പൊന്നാന ദർശനം ഇന്ന്. പൂജകൾക്ക് ശേഷം അർദ്ധരാത്രിയോടെ ദർശനം സാധ്യമാകും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ടോം മാത്യു.....**

**(വോയിസ്...............)**

========================================

**മലപ്പുറം ഇ ഡി റെയ്ഡ്**

എസ്ഡിപിഐ ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി ഇ.ഡി റെയ്ഡ്. രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി പോപ്പുലർ ഫ്രണ്ട് സ്വരൂപിച്ച പണം എസ്ഡിപിഐക്ക് കൈമാറിയെന്നായിരുന്നു ഇ.ഡിയുടെ കണ്ടെത്തൽ. കോഴിക്കോടും തിരുവനന്തപുരത്തും മലപ്പുറത്തുമാണ് റെയ്ഡ നടന്നത്. പോപ്പുലർ ഫ്രണ്ട് കേഡർമാർ സ്വരൂപിക്കുന്ന പണം എസ്ഡിപിഐയിലൂടെ റൂട്ട്മാറ്റാൻ ശ്രമിച്ചുവെന്നും ഹവാലയടക്കമുള്ള മാർഗ്ഗങ്ങളിലൂടെ രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് പണം എത്തിച്ചുവെന്നും ഇഡി കണ്ടെത്തി. എസ്ഡിപിഐയുടെ ദേശീയ അധ്യക്ഷൻ എം കെ ഫൈസിയെ അറസ്റ്റ് ചെയ്തതിന് പിന്നാലെയാണ് റെയ്ഡ്.

========================================

**സ്വർണ്ണക്കടത്ത് കസ്റ്റംസ്**

തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ രണ്ട് യാത്രക്കാരിൽ നിന്നായി ഒരു കോടി 22 ലക്ഷം രൂപയുടെ സ്വർണം കസ്റ്റംസിൻറെ എയർ ഇൻറലിജൻസ് വിഭാഗം പിടിച്ചെടുത്തു. ചൊവ്വാഴ്ച രാവിലെ റിയാദിൽ നിന്നെത്തിയ എയർ ഇന്ത്യാ എക്സ്പ്രസ് വിമാനത്തിലെ യാത്രക്കാരനിൽ നിന്ന് 1063.37

RNU TVPM

ഗ്രാം സ്വർണവും ഇന്നലെ ദുബായിൽ നിന്നെത്തിയ എമിറേറ്റ്സ് വിമാനത്തിലെ യാത്രക്കാരനിൽ നിന്ന് 407.13 ഗ്രാം സ്വർണവുമാണ് പിടിച്ചെടുത്തത്.

========================================

**ചൂട് - ജാഗ്രത**

സംസ്ഥാനത്ത് ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശം പുറത്തിറക്കി. സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനിടയുള്ളതിനാൽ പകൽ 11 മണി മുതൽ വൈകിട്ട് 3 മണി വരെയുള്ള സമയത്ത് ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. ദാഹമില്ലെങ്കിലും പരമാവധി ശുദ്ധജലം കുടിക്കണം.

കേരളത്തിൽ ഉയർന്ന അൾട്രാവയലറ്റ് സൂചികകൾ രേഖപ്പെടുത്തിയ സാഹചര്യത്തിൽ കർശന മുൻകരുതലുകൾ സ്വീകരിക്കണമെന്നും നിർദേശം.

RNU TVPM

========================================

**ബ്രേക്ക്.........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

========================================

**സിപിഐ എം സംസ്ഥാന സമ്മേളനം**

സി പി ഐ (എം) സംസ്ഥാനസമ്മേളനം കൊല്ലത്ത് ആരംഭിച്ചു.

സി.പി.എം കേന്ദ്ര കമ്മിറ്റി അംഗം എ.കെ. ബാലൻ പതാക ഉയർത്തി. സി പി ഐ എം ദേശീയ കോ - ഓർഡിനേറ്ററും മുതിർന്ന പൊളിറ്റ് ബ്യൂറോ അംഗവുമായ പ്രകാശ് കാരാട്ട് പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു.

========================================

**ഇടുക്കി മലയോര ഹൈവേ- (ഇൻട്രോ)**

നിർമ്മാണം പാതി പൂർത്തിയായപ്പോഴേ, സഞ്ചാരികളുടെ ഇഷ്ട പാതയായി മാറിക്കഴിഞ്ഞു, ഇടുക്കിയിലെ മലയോര ഹൈവേ. പാതയുടെ ഇരുവശത്തുമായി നോക്കെത്താ ദൂരത്തോളം പരന്ന് കിടക്കുന്ന തേയില തോട്ടങ്ങളും കുന്നും പച്ചപ്പും ഏവരുടെയും മനം നിറയ്ക്കും.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട് ......**

**(വോയിസ്.........)**

==========================================

**റെയിൽവേ സ്റ്റേഷൻ-മോഷണശ്രമം**

തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ റെയിൽപാളത്തോട് ചേർന്ന് റയിലിന്റെ കഷ്ണം കണ്ടെത്തിയ സംഭവം മോഷണശ്രമമെന്ന് റെയിൽവേ പോലീസ്. സംഭവത്തിൽ തമിഴ്നാട് സ്വദേശി ഹരി പിടിയിലായി. റെയിൽവേ ട്രാക്കിൽ വച്ച് ഇരുമ്പ് കഷണം മുറിക്കുന്നതിനിടെ ട്രെയിൻ വന്നതിന്നാൽ ശ്രമം ഉപേക്ഷിച്ചു പ്രതി കടന്നു കളയുകയായിരുന്നു. ആദ്യം അട്ടിമറി ശ്രമം എന്നു കരുതിയെങ്കിലും പിന്നീട് മോഷണം എന്ന നിഗമനത്തിലേക്ക് റെയിൽവേ പോലീസ് എത്തുകയായിരുന്നു.

==========================================

**വയനാട് -(ഇൻട്രോ)**

ഇന്ത്യയിലെ ഗ്രാമീണ കാർഷികാധിഷ്ഠിത സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനുള്ള കേന്ദ്രസർക്കാർ പദ്ധതിയുടെ ഭാഗമായി പശുവിൻ ചാണകത്തിൽ നിന്നും ഖാദി ഇന്ത്യ വികസിപ്പിച്ചെടുത്ത ഖാദി ഇന്ത്യ പ്രകൃതിക്ക് പെയിന്റിന്റെ കേരളത്തിലെ ആദ്യത്തെ യൂണിറ്റിന് വയനാട്ടിലെ തവിഞ്ഞാലിൽ തുടക്കമായി. ജൈവവും

RNU TVPM

വിഷരഹിതവും രൂക്ഷഗന്ധമില്ലാത്തതും താപ ഇൻസുലേറ്റർ ആയി പ്രവർത്തിക്കുന്നതും ഈ പെയിൻ്റിൻ്റെ പ്രത്യേകതയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്......**

**(വോയിസ്......................)**

==============================================

**<u>ഐ.എസ്.എൽ</u>**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് എഫ്സി, പഞ്ചാബ് എഫ്സിയെ നേരിടും. രാത്രി 7.30- ന് ഹൈദരാബാദിലാണ് മത്സരം. നാളെ കൊച്ചി ജവഹർലാൽ നെഹ്റു ഇൻർനാഷണൽ സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് മുംബൈ സിറ്റിയെ നേരിടും. മത്സരത്തോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. വെള്ളിയാഴ്ച രാത്രി 11 മണിവരെ ജവഹർലാൽ നെഹ്രു സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും സർവ്വീസ് ഉണ്ടാകും.

RNU TVPM

==============================================

**<u>മുഖ്യമന്ത്രി</u>**

പോലീസ് സംവിധാനങ്ങൾക്കും നിർണായക അടിസ്ഥാന സൗകര്യങ്ങൾക്കും വേണ്ടിയുള്ള സൈബർ സുരക്ഷ ശക്തിപ്പെടുത്തുന്നതിനായി കേരള പോലീസ് സൈബർ ഡിവിഷൻറെ "അഡ്വാൻസ്ഡ് സൈബർ സെക്യൂരിറ്റി ഓപ്പറേഷൻസ് സെൻറർ" മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്തു.

സെൻ്റർ ഫോർ ഡെവലപ്മെൻറ് ഓഫ് ടെലിമാറ്റിക്സ് ആണ് ഈ

സൈബർ സുരക്ഷാ ഓപ്പറേഷൻ സെൻറർ -'ത്രിനേത്ര'
രൂപകൽപ്പന ചെയ്യുത്.

==========================================

## **കഡാവർ നായകൾ**

തെലങ്കാന ടണൽ ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിനായി കേരള പോലീസിൻറെ രണ്ട് കഡാവർ നായകളെ അയച്ചു. രണ്ട് പോലീസ് നായകളും അവയെ കൈകാര്യം ചെയ്യുന്ന ജീവനക്കാരുമാണ് ഇന്ന് രാവിലെ ഹൈദരാബാദിലേക്ക് പോയത്. ദേശീയ ദുരന്തനിവാരണ അതോറിറ്റി ആവശ്യപ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പോലീസിനോട് അഭ്യർത്ഥിച്ചതിനെ തുടർന്നാണ് കഡാവർ നായകളെ വിട്ടുകൊടുത്തത്.

==========================================

## **ഓഹരി + സ്വർണ്ണം**

ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക , സെൻസെക്സ് , 123 പോയിൻറ് ഉയർന്ന് 73,854-ലും , ദേശീയ ഓഹരി സൂചിക, നിഫ്റ്റി 49 പോയിൻറ് നേട്ടത്തിൽ 22,386-ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില ഗ്രാമിന് 45 രൂപ കുറഞ്ഞ് 8,020 രൂപയും പവന് 64,160 രൂപയുമാണ് ഇന്നത്തെ വില.

============

============================

==========================================

RNU TVPM